## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1467 — 12.07.2011- ൽ മറുപടിക്ക്

## അത്താണി ഭവന പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. സുരേഷ് കുറുപ്പ്: | | ശ്രീ. കെ. എം. മാണി. (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | ദൂരസ്ഥലങ്ങളിൽ നിന്ന് തൊഴിൽ തേടി നഗരത്തിൽ എത്തിച്ചേരുന്ന തൊഴിലാളികൾക്കും കുടുംബത്തിനും വേണ്ടി മുൻ സർക്കാർ നടപ്പാക്കിയ അത്താണി ഭവന പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | (എ) | നഗരപ്രദേശങ്ങളിൽ ജോലി ചെയ്യുകയും എന്നാൽ നഗരവികസന പ്രവർത്തനങ്ങളുടെ ഫലമായി നഗരാതിർത്തികൾക്ക് പുറത്ത് ജോലി സ്ഥലങ്ങളിൽ നിന്നും വളരെ ദൂരത്തായി രാത്രി കാലങ്ങളിൽ താമസിയ്ക്കുന്നതിന് നിർബന്ധിതരാകുന്ന പാവപ്പെട്ട തൊഴിലാളികൾക്ക് വേണ്ടി നഗരാതിർത്തിയിൽ തന്നെ താമസ സൗകര്യം ഒരുക്കുന്നതിന് വേണ്ടി രണ്ട് മുതൽ നാല് നിലകൾവരെയുള്ള ഫ്ളാറ്റുകൾ സർക്കാർ ഭൂമിയിൽ നിർമ്മിക്കുന്ന പദ്ധതിയാണ് അത്താണി ഭവന പദ്ധതി. |
| (ബി) | ഇതിന്റെ ഒന്നാം ഘട്ടമായി ഭവന നിർമ്മാണ ബോർഡ് എന്തെല്ലാം പ്രവൃത്തികൾ നടപ്പാക്കിയിട്ടുണ്ടെന്ന് അറിയിക്കുമോ; | (ബി) | ഇതിന്റെ ഒന്നാം ഘട്ടമായി ഭവന നിർമ്മാണ ബോർഡ് എറണാകുളം തൃക്കാക്കരയിൽ 36 ഫ്ളാറ്റുകളും, തിരുവനന്തപുരം പൂജപ്പുരയിൽ 16 ഫ്ളാറ്റുകളും നിർമ്മിച്ചു കഴിഞ്ഞു. ഈ ഫ്ളാറ്റുകളുടെ അലോട്ട്മെന്റ് നടപടി പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| (സി) | രണ്ടാം ഘട്ടത്തിന്റെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (സി) | രണ്ടാം ഘട്ടമായി തിരുവനന്തപുരത്ത് പൂജപ്പുരയിലും, തൃശ്ശൂരിലെ കുട്ടനെല്ലൂരിലും 24 ഫ്ളാറ്റുകൾ വീതമുള്ള കെട്ടിടങ്ങളുടെ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു.<br><br>തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഫേസ് II ആയി നിർമ്മിച്ച് വരുന്ന 24 ഫ്ളാറ്റുകൾ ഉൾക്കൊള്ളുന്ന ലോവർ സോൺ, അപ്പർ സോൺ ബ്ലോക്കുകളുടെ ഒന്നാം നിലയുടെ ഭാഗികമായ നിർമ്മാണവും, തൃശ്ശൂരിലെ കുട്ടനെല്ലൂരിൽ നിർമ്മിച്ച് വരുന്ന 24 ഫ്ളാറ്റുകൾ ഉൾക്കൊള്ളുന്ന ബ്ലോക്കിന്റെ ഒന്നാംനിലയുടെ ഭാഗീകമായ നിർമ്മാണവും മാത്രമേ നടന്നിട്ടുള്ളു. |
| (ഡി) | പ്രസ്തുത പദ്ധതി തുടർന്നു നടത്താൻ ഉദ്ദേശമുണ്ടോ? | | ഉണ്ട്. |

Rahna. S

സെക്ഷൻ ഓഫീസർ